**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1689** **13-02-2025 - ൽ മറുപടിയ്ക്ക്**

**ഐ. എച്ച്. ആർ. ഡി. ഡയറക്ടറുടെ യോഗ്യതകളിൽ ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് ഡയറക്ടറുടെ യോഗ്യതയിൽ ഇളവ് വരുത്തി സ്പെഷ്യൽ റൂൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഐ.എച്ച്.ആർ.ഡി ഡയറക്ടറുടെ യോഗ്യതയിൽ ഇളവ് വരുത്തിയിട്ടില്ല. ഐ.എച്ച്.ആർ.ഡി ഡയറക്ടറുടെ യോഗ്യത 13.12.2023 തീയതിയിലെ G.O.(Ms)No. 687/2023/H.Edn പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. യോഗ്യതയിൽ ഭേദഗതി വരുത്തിയ നടപടിക്ക് ഐ.എച്ച്.ആർ.ഡിയുടെ ഗവേർണിംഗ് ബോഡി അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | ഐ.എച്ച്.ആർ.ഡി നിയമാവലി പ്രകാരം യോഗ്യതകളിൽ ഇളവ് വരുത്താനുള്ള അധികാരം ഗവേണിംഗ് ബോഡിയിൽ നിക്ഷിപ്തമായിരിക്കേ ഉന്നത വിദ്യാഭ്യാസ വകുപ്പ് ഇളവ് വരുത്തിയത് ക്രമപ്രകാരമാണോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഐ.എച്ച്.ആർ.ഡി ഡയറക്ടറുടെ യോഗ്യതയിൽ ഇളവ് വരുത്തിയിട്ടില്ല. ഐ.എച്ച്.ആർ.ഡി ഡയറക്ടറുടെ യോഗ്യത 13.12.2023 തീയതിയിലെ G.O.(Ms)No. 687/2023/H.Edn പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. യോഗ്യതയിൽ ഭേദഗതി വരുത്തിയ നടപടിക്ക് ഐ.എച്ച്.ആർ.ഡിയുടെ ഗവേർണിംഗ് ബോഡി അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) | ഡയറക്ടർ നിയമനത്തിന് ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (സി) | ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ ഐ.എച്ച്.ആർ.ഡി ഡയറക്ടർ തസ്തികയുടെ യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. |
| (ഡി) | യോഗ്യതാ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ; | (ഡി) | അനോമലികൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അവ പരിഹരിക്കുന്നതിനുള്ള കാലാനുസൃതമായ മാറ്റങ്ങൾ മാത്രമാണ് യോഗ്യത മാനദണ്ഡങ്ങളിൽ വരുത്തിയിട്ടുള്ളത്. |
| (ഇ) | നിലവിൽ ഐ.എച്ച്.ആർ.ഡി ഡയറക്ടറുടെ ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്; അദ്ദേഹത്തിന്റെ വിദ്യാഭ്യാസ /അധ്യാപന പരിചയ യോഗ്യതകൾ എന്താണെന്ന് വ്യക്തമാക്കാമോ; | (ഇ) | ഐ.എച്ച്.ആർ.ഡി ഡയറക്ടറുടെ ചുമതല അഡീഷണൽ ഡയറക്ടറായ ഡോ. വി. എ. അരുൺ കുമാറിനാണ് നൽകിയിരിക്കുന്നത്. അദ്ദേഹത്തിന് ഐ.എച്ച്.ആർ.ഡി യിൽ അഡീഷണൽ ഡയറക്ടർ തസ്തികയിൽ 14 വർഷത്തെ അടക്കം 30 വർഷത്തെ പ്രവൃത്തി പരിചയവും MCA യും PhD യും LLB യും Business Law യിൽ ബിരുദാനന്തര ബിരുദവും ഉണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | ഐ.എച്ച്.ആർ.ഡിയിൽ സ്ഥിരം ഡയറക്ടറെ നിയമിക്കുന്നതിനുള്ള അഭിമുഖം പൂർത്തിയായോയെന്നും എത്രപേർ അഭിമുഖത്തിൽ പങ്കെടുത്തുവെന്നും ആരെയാണ് നിയമനത്തിന് ശിപാർശ ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ; സ്ഥിരനിയമനം വൈകുന്നതിനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ; | (എഫ്) | ഐ.എച്ച്.ആർ.ഡി ഡയറക്ടറുടെ നിയമനത്തിനുള്ള അഭിമുഖം 09.10.2024 ന് 10.30 മണിയ്ക്ക് തിരുവനന്തപുരം പി.എം.ജി ജംഗ്ഷനിനുള്ള മസ്കറ്റ് ഹോട്ടലിൽ വച്ച് നടന്നിരുന്നു. അഭിമുഖത്തിൽ 6 പേർ പങ്കെടുത്തിരുന്നു. ഐ.എച്ച്.ആർ.ഡി ഡയറക്ടർ നിയമനത്തിനു സെലക്ഷൻ കമ്മിറ്റി ആരെയും ശിപാർശ ചെയ്തിട്ടില്ല. |
| (ജി) | ഡയറക്ടറുടെ യോഗ്യതയിൽ ഇളവ് വരുത്തിക്കൊണ്ടുള്ള സർക്കാർ തീരുമാനത്തിനെതിരെ ഹൈക്കോടതിയിൽ ഹർജി നിലവിലുണ്ടോ; എങ്കിൽ ആരാണ് ഹർജ്ജി ഫയൽ ചെയ്തതെന്നും സർക്കാർ എതിർ സത്യവാങ്മൂലം നൽകിയിട്ടുണ്ടോയെന്നും അറിയിക്കുമോ; ഹർജിയിൽ സർക്കാരിന്റെ നിലപാട് എന്താണ് എന്നും വ്യക്തനമാക്കാമോ? | (ജി) | ഡയറക്ടറുടെ യോഗ്യതയിൽ ഭേദഗതി വരുത്തികൊണ്ടുള്ള തീരുമാനത്തിനെതിരെ ഹൈക്കോടതിയിൽ ഹർജി നിലവിലുണ്ട്. ഹർജി ഫയൽ ചെയ്തിരിക്കുന്നത് ഐ.എച്ച്.ആർ.ഡി യിലെ അധ്യാപകനും, സാങ്കേതിക സർവകലാശാലയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഡീൻ (അക്കാഡമിക്സ്) ആയി പ്രവർത്തിക്കുകയും ചെയ്യുന്ന ശ്രീ. വിനു തോമസും, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി യിലെ അധ്യാപകനായ ശ്രീ. അനിൽ കുമാർ സി.ഡി യുമാണ്. ശ്രീ. വിനു തോമസിന്റെ ഹർജിയിൽ സർക്കാർ അഡ്വക്കേറ്റ് ജനറലിന് ഇൻസ്ട്രക്ഷൻസ് നൽകിയിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി യുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരം ഐ.എച്ച്.ആർ.ഡി ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലിന്മേലാണ് ഐ.എച്ച്.ആർ.ഡി ഡയറക്ടറുടെ യോഗ്യതയിൽ ഭേദഗതി വരുത്തികൊണ്ടുള്ള 13.12.2023 തീയതിയിലെ G.O.(Ms)No. 687/2023/H.Edn ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഇതിന് ഐ.എച്ച്.ആർ.ഡി ഗവേർണിംഗ് ബോഡിയുടെ അംഗീകാരമുണ്ട്. |

സെക്ഷൻ ഓഫീസർ